# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 6052

## 02.04.2018 - ലെ മറുപടിയ്ക്ക്

## ട്രഷറി വഴി ശമ്പളവിതരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.എൻ.എ. ഖാദർ<br>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് | ബഹുമാനപ്പെട്ട ധനകാര്യവും കയറും വകുപ്പ് മന്ത്രി<br>ഡോ. റ്റി.എം. തോമസ് ഐസക് |
| (എ) സംസ്ഥാന ജീവനക്കാരുടെ ശമ്പളവും മറ്റാനുകൂല്യങ്ങളും ട്രഷറി വഴി വിതരണം നടത്തുന്നതിന് തീരുമാനമായിട്ടുണ്ടോ; | ഉണ്ട്. |
| (ബി) എങ്കിൽ സംസ്ഥാന ജീവനക്കാർ മുഴുവൻ ട്രഷറികളിൽ ഹാജരായി പണം പിൻവലിയ്ക്കുന്നതിനുള്ള അസൗകര്യവും ട്രഷറികളിൽ ഉണ്ടാകുന്ന തിരക്കും പരിഗണിച്ചിട്ടുണ്ടോ; ഇതൊഴിവാക്കാൻ എന്ത് നടപടികളാണ് കൈക്കൊള്ളുന്നത്; | ഈ പദ്ധതിയിൽ പണം പിൻവലിക്കുന്നതിന് എല്ലാ ജീവനക്കാരും ട്രഷറികളിൽ നേരിട്ട് എത്തേണ്ട ആവശ്യമില്ല. ഈ പദ്ധതി പ്രകാരം ശമ്പളം ആദ്യം ജീവനക്കാരന്റെ ട്രഷറി സേവിംഗ്സ് ബാങ്കിൽ നിക്ഷേപിക്കുകയും അവിടെ നിന്നും ജീവനക്കാരുടെ ആവശ്യാനുസരണം ബാങ്ക് അക്കൗണ്ടുകളിലേക്ക് സ്വമേധയാ മാറ്റുന്നതിനുള്ള സൗകര്യവും ഉണ്ടായിരിക്കും. ആയതിനാൽ നിലവിൽ ബാങ്ക് അക്കൗണ്ടുകൾ വഴി ശമ്പളം പിൻവലിച്ചുകൊണ്ടിരിക്കുന്നവർക്ക് തുടർന്നും അതേ അക്കൗണ്ട് വഴി അതേ സംവിധാനത്തിലൂടെ പണം പിൻവലിക്കാവുന്നതാണ്. |
| (സി) ഓഫീസ് സമയത്തിനു ശേഷവും പണം സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളിൽ നിന്ന് പിൻവലിക്കുവാൻ എന്ത് സംവിധാനമാണ് ട്രഷറികളിൽ ഉള്ളതെന്ന് അറിയിക്കാമോ? | നിലവിൽ ബാങ്ക് അക്കൗണ്ടുകൾ വഴി ശമ്പളം പിൻവലിക്കുന്ന ജീവനക്കാർക്ക് ഇതുവരെ പണം പിൻവലിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള അതേ മാർഗ്ഗങ്ങൾ തുടർന്നും ലഭ്യമാണ്. ട്രഷറി സേവിംഗ്സ് ബാങ്കിന് ATM ഏർപ്പെടുത്തുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ബാങ്കുകളുമായി സഹകരിച്ച് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള ചർച്ചകൾ പുരോഗമിക്കുന്നു. ATM സ്ഥാപിക്കുന്നതോടുകൂടി പണം പിൻവലിക്കുന്നതിന് ട്രഷറിയിൽ വരേണ്ട ആവശ്യം വരുന്നില്ല. |

സെക്ഷൻ ഓഫീസർ